consumer goods are proposed to be started under the Second Five Year Plan. The details are given in the two separate lists attached.*

(b) These industries units will be spread through out the State. The exact location of these units cannot be determined now.

വ്യവസായസ്ഥാപനങ്ങൾ

*267. [21] ശ്രീ. എം പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് മുതൽ മുടക്കിയിട്ടുള്ള എത്ര വ്യവസായസ്ഥാപനങ്ങൾ ഇന്ന പ്രവർത്തനരഹിതമായി കിടപ്പുണ്ട് ;

(ബി) അവ ഏതെല്ലാം; ഓരോന്നിലും എത്ര സംഖ്യവീതം മുടക്കിയിട്ടുണ്ട്;

(സി) ഇവയുടെ പ്രവർത്തനം നടത്തുന്നതിന് ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല്.

(ബി) 1. ഇലക്ട്രോകെമിക്കൽ ഇൻഡസ്ട്രീസ് രൂ. 2,00,000

2. ട്രാവൻകൂർ ഇനാമൽഇൻഡസ്ട്രീസ് രൂ. 20,000

3. വെസ്റ്റ്കോസ്റ്റ് ഫിഷറീസ് രൂ. 5,00,000

4. മലബാർ ടിംബർ ആൻഡ് പ്രോഡക്ട്സ് ലിമിറഡ് രൂ. 50,000.

(സി) ഉണ്ട്.

(ഡി) 1. ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ്. കൂടുതൽ മെഷിനറി സ്ഥാപിച്ച് കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട് കമ്പനിമാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ഒരു സ്കീം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

2. ട്രാവൻകൂർ ഇനാമൽഇൻഡസ്ട്രീസ്. ഗവണ്മെൻറ് കമ്പനിക്ക് കൂടുതൽ ധനസഹായം നൽകണമെന്നും അതല്ലാത്തപക്ഷം ഗവണ്മെൻറ്തന്നെ ഫാക്ടറി ഏറെടുത്തു നടത്തണമെന്നും അപേക്ഷിച്ചുകൊണ്ട് ഒരു സ്കീം കമ്പനി സമർപ്പിച്ചിട്ടുണ്ട്. ഇതു് ഗവണ്മെൻറിൻെറ പരിശോധനയ്ക്കു് വിഷയമായിരിക്കുകയാണ്.

3. വെസ്റ്റ്കോസ്റ്റ് ഫിഷറീസ് : കമ്പനിയുടെ പുനരുദ്ധാരത്തിനുവേണ്ടിയുള്ള പദ്ധതികൾ ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്. കമ്പനിയുടെ റെഫ്രിജറേഷൻ പ്ലാൻറ് ഗവണ്മെൻറ് ഏട

*Please See Appendix IV

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനും ഗവണ്മെന്റ് ചെലവിൽതന്നെ അതു് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. കമ്പനിയുടെ റീകൺസ്ട്രക്ഷൻ പദ്ധതിയും പൂർത്തിയാകുമ്പോൾ റ്റ്രിജറേഷൻ പ്ലാന്റ് കമ്പനിക്കുതന്നെ നൽകുന്നതാണു്.

4. മലബാർ ടിംബർ പ്രൊഡ്യൂസ് കമ്പനി ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ ലിക്വിഡേഷനിലിരിക്കുകയാണു്.

എൻ. ഇ. എസ്. ബ്ലോക്കുകൾ.

*268. [22] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരു-കൊച്ചിയിലാകമാനം ഇന്നു് ആകെ എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ പ്രവർത്തനം നടത്തുന്നു ;

(ബി) എൻ. ഇ. എസ്. ബ്ലോക്കു് തിട്ടപ്പെടുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്തു് ?

(സി) എത്ര താലൂക്കുകളിൽ ഒന്നിൽ കൂടുതൽ എൻ. ഇ. എസ്സു്. ബ്ലോക്കുകൾ ഉണ്ടു്; ഒന്നുപോലുമില്ലാത്ത താലൂക്കുകൾ എത്ര ;

(ഡി) ചിറയിൻകീഴ് താലൂക്കിൽ ഇതുവരെ എൻ. ഇ. എസ്സു്. ബ്ലോക്കു് സ്ഥാപിക്കാതിരിക്കാൻ കാരണമെന്തു് ;

(ഇ) ചിറയിൻകീഴ് താലൂക്കിനു് പുതിയ ബ്ലോക്കു് രൂപീകരണവേളയിൽ മുൻഗണന നൽകാൻ ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നാല് ഡവലപ്പ്മെന്റ് ബ്ലോക്കുകൾ ഉൾപ്പെടെ 15 ബ്ലോക്കുകൾ.

(ബി) (1) ഏകദേശം 66,000 മുതൽ ഒരു ലക്ഷംവരെ ജനങ്ങൾ അധിവസിക്കുന്നതും, അന്യോന്യം ചേർന്നു് ഒറ്റ പ്രദേശമായി കിടക്കുന്നതുമായിരിക്കണം.

(2) അഞ്ചോ ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

(3) ബ്ലോക്കു് സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മറ്റു ബ്ലോക്കുകളായി തിരിക്കാൻ തടസ്സമില്ലാത്ത വിധത്തിൽ സ്ഥിതി ചെയ്യുന്നതായിരിക്കണം.

(4) വികസനത്തിനു് വേണ്ട സൌകര്യങ്ങൾ ഉണ്ടായിരിക്കണം.

(5) ജനങ്ങൾ സഹകരണ മനസ്ഥിതി ഉള്ളവരായിരിക്കണം.

(6) ഭരണപരമായ സൌകര്യാർത്ഥം ഇപ്പോഴുള്ള ബ്ലോക്കുകൾക്കോ പ്രോജക്ടുകൾക്കോ തൊട്ട പ്രദേശങ്ങളിലായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly